29 SEP 2020

©
Government of Kerala
കേരള സർക്കാർ
2007

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

KERALA GAZETTE
കേരള ഗസറ്റ്
EXTRAORDINARY
അസാധാരണം
PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

LII ല്യം 52	Thiruvananthapuram, Friday തിരുവനന്തപുരം, വെള്ളി	13th April 2007 2007 ഏപ്രിൽ 13	23rd Chaithra 1929 1929 ചൈത്രം 23	No. നമ്പർ 702

കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

വിജ്ഞാപനം

ബർ 2971/ലെജി.സി2/2005/നിയമം   തിരുവനന്തപുരം, 2007 ഏപ്രിൽ 13 / 1929 ചൈത്രം 23.

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ റിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ില്ലിന് 2007 ഏപ്രിൽ 13-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജോർജ്ജ് ജയിംസ്,
നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2007.

3/1503/2007/DTP.

2007-ലെ 10-ാം ആക്റ്റ്

2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റ്

1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നൂല്, തുണിത്തരങ്ങൾ, തുണിത്തരങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ എന്നിവയുടെ വിറ്റുവരവിന്മേൽ സെസ്സ് ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നൂല്, തുണിത്തരങ്ങൾ, തുണിത്തരങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ എന്നിവയുടെ വിറ്റുവരവിന്മേൽ സെസ്സ് ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും യുക്തമായിരിക്കുകയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തിയെട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത്, സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം, നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അസസ്സിംഗ് ഓഫീസർ" എന്നാൽ 4-ാം വകുപ്പ് പ്രകാരം സർക്കാർ നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ബി) "ബോർഡ്" എന്നാൽ 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 6-ാം വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(സി) "വ്യാപാരി" എന്നാൽ നൂല്, തുണിത്തരങ്ങൾ, തുണിത്തരങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ എന്നിവ ഉല്പാദിപ്പിക്കുകയോ, വിൽക്കുകയോ, സംസ്ക്കരണം നടത്തുകയോ, വിതരണം ചെയ്യുകയോ, വാങ്ങുകയോ, വിൽക്കുന്നതിനായി സംഭരിക്കുകയോ ചെയ്യുന്ന വ്യാപാരത്തിലേർപ്പെടുന്ന ഏതൊരാളും എന്നർത്ഥമാകുന്നതും; അതിൽ,—

(i) കേരള സംസ്ഥാനത്തിനുള്ളിൽ നൂല്, തുണിത്തരങ്ങൾ, അഥവാ തുണിത്തരങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ എന്നിവയിലേതെങ്കിലും ഉല്പാദിപ്പിക്കുകയോ, സംസ്ക്കരണം നടത്തുകയോ, വാങ്ങുകയോ, സംഭരിക്കുകയോ കേരള സംസ്ഥാനത്ത് നിന്നും പുറത്തേക്ക് വിൽക്കുകയോ, കൈമാറ്റം ചെയ്യുകയോ, (അതേ രൂപത്തിലോ സംസ്ക്കരിച്ച രൂപത്തിലോ) ചെയ്യുന്ന വ്യാപാരം നടത്തുന്ന ഏതൊരു കമ്മീഷൻ ഏജന്റും ബ്രോക്കറും (ഏത് പേരിൽ അറിയപ്പെട്ടിരുന്നാലും);

(ii) ഒരു നിവാസേതര വ്യാപാരി അല്ലെങ്കിൽ നിവാസേതര വ്യാപാരിയുടെ ഒരു ഏജന്റ്, അല്ലെങ്കിൽ കേരള സംസ്ഥാനത്തിന് പുറത്ത് സ്ഥിതിചെയ്യുന്ന ഏകാംഗീകരിച്ചതോ അല്ലാത്തതോ ആയ ഫേം അഥവാ കമ്പനി അഥവാ ആളുകളുടെ സമാജം എന്നിവയുടെ പ്രാദേശിക ശാഖാ ആഫീസും;

ഉൾപ്പെടുന്നതുമാകുന്നു;

(ഡി) "ഫണ്ട്" എന്നാൽ 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റി (1989-ലെ 2)-ലെ 3-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു;

(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജി) "വിറ്റുവരവ്" എന്നാൽ വിൽപ്പനയ്ക്കോ മറ്റു പ്രകാരമുള്ള സംസ്കരണത്തിനോ വേണ്ടി കേരള സംസ്ഥാനത്ത് നടത്തുന്ന, നൂലിന്റെയോ തുണിത്തരങ്ങളുടെയോ തുണിത്തരങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളുടെയോ ക്രയവിക്രയങ്ങളുടെ മൂല്യം എന്നർത്ഥമാകുന്നു.

(എച്ച്) "തുണിത്തരങ്ങൾ" എന്നാൽ കൈത്തറിയിലൂടെയോ നെയ്ത്ത് യന്ത്രത്തിലൂടെയോ (തുണിമില്ലുകൾ ഉൾപ്പെടെ) മറ്റേതെങ്കിലും തറികളിലൂടെയോ, പരുത്തി നൂല്, പോളിസ്റ്റർ നൂല്, പട്ടുനൂല് അല്ലെങ്കിൽ മറ്റേതെങ്കിലും നൂല് (ബ്ലന്റ് ചെയ്തതോ അല്ലാത്തതോ) എന്നിവയിൽ നിന്നും നെയ്തെടുക്കുന്ന ഏതെങ്കിലും തുണി എന്നർത്ഥമാകുന്നതും അതിൽ ഖാദി ഉല്പന്നങ്ങൾ ഉൾപ്പെടാത്തതുമാകുന്നു;

(ഐ) "തുണിത്തരങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ" എന്നാൽ തുണി അടിസ്ഥാനഘടകമായി ഉപയോഗിച്ച് ഉല്പാദിപ്പിച്ചിട്ടുള്ള ഏതെങ്കിലും വസ്ത്രമോ, മറ്റേതെങ്കിലും വസ്തുക്കളോ എന്നർത്ഥമാകുന്നു.

(ജെ) "നൂല്" എന്നാൽ പരുത്തിനൂല്, പോളിസ്റ്റർ നാര്, പട്ടുനൂല് അല്ലെങ്കിൽ വസ്ത്രങ്ങൾ നെയ്യുന്നതിന് ഉപയോഗിക്കാവുന്ന ബ്ലൻഡ് ചെയ്ത മറ്റേതെങ്കിലും നാര് എന്നർത്ഥമാകുന്നു.

(2) ഇതിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും അവയ്ക്ക് ആ ആക്റ്റിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. സെസ്സ് ചുമത്തുന്നതും ഈടാക്കുന്നതും.—(1) 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ ആവശ്യത്തിലേക്കായി, ഒരു വ്യാപാരിയുടെ മൊത്തം വിറ്റുവരവിന്റെ കാൽ ശതമാനം നിരക്കിൽ സെസ്സ് ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്:

എന്നാൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു സെസ്സും, ഒരു വർഷം അഞ്ച് ലക്ഷം രൂപയിൽ കുറഞ്ഞ വിറ്റുവരവുള്ള വ്യാപാരിയുടെമേൽ ചുമത്താൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ചുമത്തപ്പെട്ട സെസ്സ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം രീതിയിലും സമയത്തും ഓരോ വ്യാപാരിയിൽനിന്നും പിരിച്ചെടുക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ള സെസ്സ്, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിൽ, നൂലിൻമേലോ തുണിത്തരങ്ങളിൻമേലോ, തുണിത്തരങ്ങളിൽനിന്നുള്ള ഉല്പന്നങ്ങളിൻമേലോ ചുമത്താവുന്ന ഏതെങ്കിലും സെസ്സിനോ, തീരുവയ്ക്കോ, നികുതിക്കോ, പുറമെ ആയിരിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പ് പ്രകാരം സെസ്സായി പിരിച്ചെടുത്ത തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, ആദ്യം കേരള സംസ്ഥാന സഞ്ചിതനിധിയിലേക്ക് വരവു വയ്ക്കേണ്ടതാണ്.

(5) സർക്കാർ പിരിച്ചെടുത്ത സെസ്സ് തുക, ഓരോ വർഷവും പിരിച്ചെടുത്ത തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക, അത്തരം സെസ്സ് പിരിച്ചെടുത്തതിന്റെ ചെലവിലേക്ക് കിഴിവ് ചെയ്തതിനുശേഷം, ബോർഡിന്റെ ഫണ്ടിലേക്ക് ജൂൺ 30-ന് മുമ്പായി, നിർണ്ണയിക്കപ്പെടാവുന്ന അത്തരം രീതിയിൽ, നൽകേണ്ടതാണ്.

4. അസസ്സിംഗ് ആഫീസറുടെ നിയമനം.—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ആഫീസർ ഗ്രേഡ്-I പദവിയിൽ കുറയാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെയോ തുല്യ പദവിയിലുള്ള ഉദ്യോഗസ്ഥനെയോ അസസ്സിംഗ് ആഫീസറായി നിയമിക്കാവുന്നതും അവരുടെ തദ്ദേശാധികാരപരിധി നിശ്ചയിക്കാവുന്നതുമാണ്.

5. രജിസ്റ്ററുകളുടെയും റിക്കാർഡുകളുടെയും സൂക്ഷിച്ചുപോരൽ.—(1) നിർണ്ണയിക്കപ്പെടുന്ന രീതിയിലുള്ള, രജിസ്റ്ററുകളും റിക്കാർഡുകളും ഓരോ വ്യാപാരിയും അവരവരുടെ വ്യാപാരസ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.

(2) ഈ ആക്റ്റിനാൽ അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും അല്ലെങ്കിൽ അതോറിറ്റിയും ആവശ്യപ്പെടുമ്പോൾ അവ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

6. വ്യാപാരി റിട്ടേണുകൾ നൽകേണ്ടത് സംബന്ധിച്ച്.—(1) ഓരോ വ്യാപാരിയും, മുൻ സാമ്പത്തിക വർഷത്തെ വിറ്റുവരവ് കാണിച്ചുകൊണ്ടുള്ള റിട്ടേണുകൾ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള രീതിയിലും സമയത്തും അസസ്സിംഗ് ആഫീസർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(2) 3-ാം വകുപ്പനുസരിച്ച് സെസ്സ് നൽകാൻ ബാദ്ധ്യതയുള്ള ഏതെങ്കിലും വ്യാപാരി (1)-ാം ഉപവകുപ്പ് പ്രകാരമുള്ള റിട്ടേൺ സമർപ്പിക്കുന്നതിന് വീഴ്ച വരുത്തിയാൽ അങ്ങനെയുള്ള റിട്ടേൺ സമർപ്പിക്കുന്നതിനുവേണ്ടി അസസ്സിംഗ് ആഫീസർ അങ്ങനെയുള്ള വ്യാപാരിയോട് നോട്ടീസിൽ വിനിർദ്ദേശിച്ചിട്ടുള്ള തീയതിക്ക് മുമ്പ് റിട്ടേൺ നൽകുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നോട്ടീസ് നൽകേണ്ടതാണ്.

7. സെസ്സ് തിട്ടപ്പെടുത്തൽ.—(1) 6-ാം വകുപ്പനുസരിച്ചുള്ള ഒരു റിട്ടേൺ സ്വീകരിച്ചിട്ടുള്ള ഒരു അസസ്സിംഗ് ആഫീസർ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന രീതിയിലുള്ള അന്വേഷണം നടത്തിയതിനോ നടത്തിപ്പിച്ചതിനോ ശേഷവും റിട്ടേണിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് സ്വയം ബോദ്ധ്യപ്പെട്ടതിനുശേഷവും വ്യാപാരി നൽകേണ്ടതായ സെസ്സ് തുക, ഉത്തരവ് വഴി, തിട്ടപ്പെടുത്തേണ്ടതാണ്.

(2) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിട്ടേൺ അസസ്സിംഗ് ആഫീസർക്ക് സമർപ്പിക്കാതിരിക്കുന്നുവെങ്കിൽ, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയതിനോ നടത്തിപ്പിച്ചതിനോ ശേഷം, ആ വ്യാപാരി നൽകേണ്ടതായ സെസ്സ് തുക ഉത്തരവുവഴി തിട്ടപ്പെടുത്തേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പനുസരിച്ചോ, (2)-ാം ഉപവകുപ്പനുസരിച്ചോ സെസ്സ് തിട്ടപ്പെടുത്തിക്കൊണ്ടുള്ള ഒരുത്തരവിൽ വ്യാപാരി നൽകേണ്ടതായ സെസ്സ് തുകയും അത് ഏത് തീയതിക്കുള്ളിൽ നൽകണമെന്നും നിർദ്ദേശിക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരമോ (2)-ാം ഉപവകുപ്പ് പ്രകാരമോ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന് അത്തരം അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) അനുസരിച്ച് വ്യവഹാരം

വിചാരണ ചെയ്യുന്നതിൽ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളിന്റെയും ഹാജർ ഉറപ്പുവരുത്തുകയും, സത്യപ്രതിജ്ഞയിൻമേലോ ദൃഢപ്രതിജ്ഞയിൻമേലോ അയാളെ വിസ്തരിക്കുകയും ചെയ്യുക;

(ബി) രേഖകൾ വെളിപ്പെടുത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുക;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനുകളെ നിയോഗിക്കുക.

(5) ഈ വകുപ്പിൻകീഴിൽ നടത്തപ്പെടുന്ന ഏതൊരു അന്വേഷണവും ഇൻഡ്യൻ ശിക്ഷാനിയമത്തിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിക്കുള്ളിലും പ്രസ്തുത നിയമ സംഹിതയിലെ 196-ാം വകുപ്പിന്റെ ആവശ്യത്തിലും ഒരു നീതിന്യായ നടപടി ആയി കരുതപ്പെടുന്നതാണ്.

8. <u>സെസ്സ് താൽക്കാലികമായി പിരിച്ചെടുക്കൽ.</u>—(1) 3-ാം വകുപ്പുപ്രകാരം സെസ്സ് നൽകാൻ ബാദ്ധ്യസ്ഥനായ ഏതൊരു വ്യാപാരിയും, 7-ാം വകുപ്പ് പ്രകാരം ഏറ്റവും അവസാനമായി സെസ്സ് തിട്ടപ്പെടുത്തിയതനുസരിച്ച് വാർഷികമായി അയാൾ നൽകേണ്ടതായ തുകയുടെ പന്ത്രണ്ടിൽ ഒരു ഭാഗത്തിന് തുല്യമായ തുക എല്ലാ മാസവും പത്താം തീയതിക്കോ അതിനുമുൻപായോ മുൻകൂർ സെസ്സായി നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൻപ്രകാരം അടയ്ക്കേണ്ട തീയതിയിലോ അതിനുമുമ്പോ തുക അടയ്ക്കാത്തപക്ഷം അസസ്സിംഗ് ആഫീസർ, വീഴ്ച വരുത്തിയ ആളിന് കുടിശ്ശികയായിരിക്കുന്ന തുക കാണിച്ചുകൊണ്ടും നോട്ടീസ് കൈപ്പറ്റി ഏഴ് ദിവസത്തിൽ കവിയാത്ത സമയത്തിനുള്ളിൽ പ്രസ്തുത തുക അടയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും നോട്ടീസ് നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം വ്യാപാരി ഒരു വർഷം അടച്ച തുക 7-ാം വകുപ്പ് പ്രകാരം ആ വർഷത്തേക്ക് തിട്ടപ്പെടുത്തിയ തുകയിൽനിന്നും തട്ടിക്കിഴിക്കേണ്ടതാണ്.

9. <u>സെസ്സ് ഒടുക്കുന്നതിലുള്ള കാലതാമസത്തിന് നൽകേണ്ടതായ പലിശ.</u>—ഏതെങ്കിലും വ്യാപാരി 3-ാം വകുപ്പ് പ്രകാരം ഒടുക്കേണ്ടതായ ഏതെങ്കിലും സെസ്സ് തുക അസസ്സ്മെന്റ് ഉത്തരവിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ അടയ്ക്കാൻ വീഴ്ച വരുത്തുന്നതായാൽ, അങ്ങനെയുള്ള തുക നൽകേണ്ടതായ തീയതി മുതൽ യഥാർത്ഥത്തിൽ നൽകിയ തീയതി വരെയുള്ള കാലയളവിൽ ഓരോ മാസത്തിനോ അഥവാ മാസത്തിന്റെ ഭാഗത്തിനോ അടയ്ക്കേണ്ടതായ തുകയുടെ ഒന്നര ശതമാനം പ്രതിമാസ നിരക്കിൽ പലിശ നൽകാൻ ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

10. നിശ്ചിത സമയത്തിനുള്ളിൽ സെസ്സ് അടയ്ക്കാതിരിക്കുന്നതിനുള്ള പിഴ.—3-ാം വകുപ്പുപ്രകാരം ഏതെങ്കിലും വ്യാപാരി അടയ്ക്കേണ്ടതായ ഏതെങ്കിലും സെസ്സ് തുക, 7-ാം വകുപ്പ് പ്രകാരമുള്ള അസസ്സ്മെന്റ് ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ള തീയതിക്കുള്ളിൽ അടയ്ക്കാതിരിക്കുന്നപക്ഷം അത് കുടിശ്ശികയായി കണക്കാക്കി അസസ്സിംഗ് ആഫീസർ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്തിയതിനുശേഷം അത്തരം വ്യാപാരിക്ക് മേൽ, സെസ്സ് തുകയിൽ കവിയാത്ത, പിഴ ചുമത്താവുന്നതുമാണ്:

എന്നാൽ, അത്തരം ഏതെങ്കിലും പിഴ ചുമത്തുന്നതിനുമുമ്പായി ആ വ്യാപാരിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതും അപ്രകാരം കേട്ടതിനുശേഷം ഉത്തമവും മതിയായതുമായ കാരണങ്ങളാലാണ് വീഴ്ച വരുത്തിയത് എന്ന് അസസ്സിംഗ് ആഫീസർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, ഈ വകുപ്പിൻകീഴിൽ യാതൊരു ശിക്ഷയും ചുമത്താൻ പാടുള്ളതല്ല.

11. ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ തുക ഈടാക്കുന്നത്.—ഈ ആക്റ്റ് പ്രകാരം വ്യാപാരി നൽകേണ്ടതായ ഏതൊരു തുകയും (പലിശയും പിഴയും ഉൾപ്പെടെ) ഭൂമിയിൽനിന്നുള്ള നികുതി കുടിശ്ശിക എന്നപോലെ ഈടാക്കാവുന്നതാണ്.

12. അപ്പീൽ.—(1) 7-ാം വകുപ്പുപ്രകാരമുള്ള അസസ്സ്മെന്റ് ഉത്തരവുമൂലമോ 10-ാം വകുപ്പ് പ്രകാരം പിഴ ചുമത്തിക്കൊണ്ടുള്ള ഒരു ഉത്തരവുമൂലമോ സങ്കടമനുഭവിക്കുന്ന ഏതൊരു വ്യാപാരിക്കും, നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള സമയത്തിനുള്ളിലും നിർണ്ണയിക്കപ്പെടാവുന്ന അപ്പീൽ അധികാരിക്ക് അപ്രകാരമുള്ള ഫാറത്തിലും രീതിയിലും, അപ്പീൽ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഫയൽ ചെയ്യുന്ന ഓരോ അപ്പീലിനുമൊപ്പം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസും നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം അപ്പീൽ സ്വീകരിക്കുമ്പോൾ അപ്പീൽ അധികാരി ഇക്കാര്യത്തിൽ അപ്പീൽവാദിക്ക് പറയുവാൻ ഉള്ളത് പറയുവാൻ ഒരു അവസരം നൽകിയ ശേഷം കഴിയുന്നത്രവേഗം അപ്പീൽ തീർപ്പാക്കേണ്ടതാണ്.

(4) ഈ വകുപ്പിൻകീഴിൽ സമർപ്പിച്ച അപ്പീലിൽമേൽ പാസ്സാക്കിയ ഓരോ ഉത്തരവും അന്തിമമായിരിക്കുന്നതും ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാണ്.

13. പ്രവേശിക്കുന്നതിനുള്ള അധികാരം.—ഏതെങ്കിലും ഒരു അസസ്സിംഗ് ആഫീസർക്കോ അഥവാ സർക്കാർ ഇക്കാര്യത്തിൽ പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഒരു ഉദ്യോഗസ്ഥനോ,—

(എ) 6-ാം വകുപ്പ് പ്രകാരം ഏതെങ്കിലും വ്യാപാരി നൽകിയിട്ടുള്ള വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നത് ഉൾപ്പെടെയുള്ള, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് അദ്ദേഹം ആവശ്യമെന്ന് കരുതുന്ന, ഏതൊരു സ്ഥാപനത്തിലോ, സ്ഥലത്തോ ന്യായമായ ഏതൊരു സമയത്തും അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നുന്ന ഏതൊരു സഹായത്തോടുകൂടി പ്രവേശിക്കുകയും;

(ബി) നൂലിന്റെയും തുണിത്തരങ്ങളുടെയും തുണിത്തരങ്ങളിൽനിന്നുള്ള ഉൽപ്പന്നങ്ങളുടെയും വിൽപ്പന സംബന്ധിച്ച രജിസ്റ്ററും മറ്റേതെങ്കിലും രേഖയും ഹാജരാക്കുവാൻ ആവശ്യപ്പെടുകയും ;

(സി) നിർണ്ണയിക്കപ്പെടുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ;

ചെയ്യാവുന്നതാണ്.

14. പിരിച്ചെടുത്ത സെസ്സിന്റെ റിട്ടേൺ.—(1) ഓരോ അസസ്സിംഗ് ആഫീസറും താൻ മുൻ മാസത്തിൽ സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക കാണിച്ചുകൊണ്ടുള്ള ഒരു റിട്ടേൺ, ബോർഡിനും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മറ്റ് അതോറിറ്റിക്കും മുമ്പാകെ, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫാറത്തിലും കാലയളവിനുള്ളിലും, എല്ലാ മാസവും സമർപ്പിക്കേണ്ടതാണ്.

(2) ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അഥവാ (1)-ാം ഉപവകുപ്പിൽ വിവക്ഷിച്ചിട്ടുള്ള അതോറിറ്റിയോ മുൻ സാമ്പത്തിക വർഷത്തിൽ സെസ്സ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള മുഴുവൻ തുകയും കാണിച്ചുകൊണ്ടുള്ള ഒരു റിട്ടേൺ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള കാലയളവിനുള്ളിലും ഓരോ വർഷവും, സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

15. ശിക്ഷ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു റിട്ടേൺ സമർപ്പിക്കാൻ ബാദ്ധ്യസ്ഥനായ ഏതെങ്കിലും ഒരു വ്യാപാരി, വ്യാജമാണെന്നറിയുന്നതോ, അല്ലെങ്കിൽ അപ്രകാരം വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഏതെങ്കിലും ഒരു റിട്ടേൺ സമർപ്പിക്കുന്നു എങ്കിൽ, ആറുമാസക്കാലംവരെ ആകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അഥവാ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റ് പ്രകാരം സെസ്സ് നൽകാൻ ബാദ്ധ്യസ്ഥനായ ഏതൊരാളും അപ്രകാരമുള്ള സെസ്സ് നൽകുന്നതിൽ നിന്നും ബോധപൂർവ്വമോ, മനഃപ്പൂർവ്വമോ ഒഴിഞ്ഞുമാറുകയോ ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയോ ചെയ്യുന്നുവെങ്കിൽ ആറു മാസക്കാലംവരെ ആകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കുന്ന ഏതൊരാളും, ഈ ആക്റ്റ് പ്രകാരം മറ്റെവിടെയും അങ്ങനെയുള്ള ലംഘനത്തിന് മറ്റ് ശിക്ഷയൊന്നും വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം മൂന്നു മാസക്കാലംവരെ ആകാവുന്ന തടവോ രണ്ടായിരത്തി അഞ്ഞൂറ് രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) സർക്കാരോ, സർക്കാർ അധികാരപ്പെടുത്തിയ പ്രകാരമോ സമർപ്പിക്കുന്ന പരാതിയിൻമേൽ അല്ലാതെ, ഈ വകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റവും യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടുള്ളതല്ല.

16. കമ്പനികൾ ചെയ്യുന്ന കുറ്റം.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുന്നിടത്ത്, കുറ്റം ചെയ്യുന്ന സമയത്ത് കമ്പനിയുടെ ചാർജ്ജ് വഹിക്കുന്നതും കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ഉത്തരവാദിത്വമുണ്ടായിരുന്നതും ആയ ഓരോ ആളും കമ്പനിയും, കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ചുള്ള നടപടിക്ക് വിധേയമാക്കപ്പെടേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്.

എന്നാൽ, കുറ്റം ചെയ്തിട്ടുള്ളത് തന്റെ അറിവ് കൂടാതെയാണെന്നോ അഥവാ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുന്നതിനായി താൻ യഥാവിധി എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ, ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും തന്നെ അങ്ങനെയുള്ള യാതൊരാളെയും യാതൊരു ശിക്ഷയ്ക്കും വിധേയമാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തത് കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ, സെക്രട്ടറിയുടെയോ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷ കൊണ്ടോ ആണെങ്കിൽ അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥനോ ആ കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ചുള്ള നടപടിക്ക് വിധേയമാക്കപ്പെടേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(എ) "കമ്പനി" എന്നാൽ ഒരു ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ, വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും ആകുന്നു; (ബി) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ ആ ഫേമിലെ പങ്കാളി എന്നർത്ഥമാകുന്നു.

17. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ വഴിയോ, അതുപ്രകാരമോ, സർക്കാരോ ഈ ആക്റ്റ് പ്രകാരം നിയമിച്ചിട്ടുള്ള ഏതെങ്കിലും അതോറിറ്റിയോ ഉദ്യോഗസ്ഥനോ ഒത്തുതീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിർണ്ണയിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം ഒത്തുതീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും കാര്യം നിർണ്ണയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

18. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി, ഗസറ്റ് വിജ്ഞാപനംവഴി സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെ, അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(എ) 3-ാം വകുപ്പ് പ്രകാരം സെസ്സ് ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതുമായ രീതിയും സമയപരിധിയും;

(ബി) 5-ാം വകുപ്പ് പ്രകാരം വ്യാപാരി സൂക്ഷിച്ചുപോരേണ്ട രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങൾ ;

(സി) 6-ാം വകുപ്പ് പ്രകാരം വ്യാപാരി അസസ്സിംഗ് ആഫീസർ മുമ്പാകെ സമർപ്പിക്കേണ്ട മുൻ സാമ്പത്തികവർഷത്തെ വിറ്റുവരവ് കാണിച്ചുകൊണ്ടുള്ള റിട്ടേൺ സമർപ്പിക്കേണ്ടതിന്റെ രീതിയും സമയപരിധിയും ;

(ഡി) 12-ാം വകുപ്പ് പ്രകാരം അപ്പീൽ ഫയൽ ചെയ്യേണ്ട രീതിയും നൽകേണ്ട ഫീസും ;

(ഇ) 13-ാം വകുപ്പ് (സി) ഖണ്ഡപ്രകാരം അസസ്സിംഗ് ആഫീസർക്കോ മറ്റേതെങ്കിലും ആഫീസർക്കോ വിനിയോഗിക്കാവുന്ന അധികാരം ;

(എഫ്) 14-ാം വകുപ്പ് പ്രകാരം പിരിച്ചെടുത്ത സെസ്സിന്റെ റിട്ടേൺ സമർപ്പിക്കേണ്ട ഫാറവും കാലയളവും ;

(ജി) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതൊരു കാര്യവും.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഓരോ ചട്ടവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുമ്പോൾ ആ ചട്ടത്തിന്, അതതു സംഗതിപോലെ, അതിനുശേഷം അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പുചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

19. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ഓർഡിനൻസ് (2007-ലെ 7) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

GOVERNMENT OF KERALA

Law (Legislation-C) Department

NOTIFICATION

No. 2971/Leg. C2/05/Law. *Dated, Thiruvananthapuram,* *13th April, 2007* / *23rd Chaithra, 1929.*

In pursuance of clause (3) of Article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in the English language of the Kerala Handloom Workers' Welfare Cess Act, 2007 (10 of 2007).

By order of the Governor,

GEORGE JAMES,

Special Secretary (Law).

[Translation in English of the "2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റ്" published under the authority of the Governor.]

ACT 10 OF 2007

THE KERALA HANDLOOM WORKERS' WELFARE CESS ACT, 2007

An Act to provide for the levy and collection of cess on the sale proceeds of yarn, textile or textile products with a view to augmenting the resources of the Kerala Handloom Workers' Welfare Fund Board constituted under the Kerala Handloom Workers' Welfare Fund Act, 1989.

Preamble.—WHEREAS, it is expedient to provide for the levy and collection of cess on the sale proceeds of yarn, textile or textile products with a view to augmenting the resources of the Kerala Handloom Workers' Welfare Fund Board constituted under the Kerala Handloom Workers' Welfare Fund Act, 1989.

Be it enacted in the Fifty-eighth year of Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Handloom Workers' Welfare Cess Act, 2007.

(2) It shall come into force on such date as the Government may, by notification in the Gazette, appoint.

2. *Definitions.*—In this Act, unless the context otherwise requires, —

(a) 'Assessing Officer' means an Officer appointed by the Government under section 4;

(b) 'Board' means the Kerala Handloom Workers' Welfare Fund Board constituted under section 6 of the Kerala Handloom Workers' Welfare Fund Act, 1989;

(c) 'dealer' means any person who carries on the business of manufacturing, selling, processing, supplying, purchasing or storing for sale of yarn, textile or textile products and includes,—

(i) a commission agent, a broker (by whatever name called) who carries on the business of manufacturing, processing, purchasing or storing of yarn, textile or textile products within the State of Kerala and sells or transfers (in the same form or processed form) to outside from the State of Kerala;

(ii) a non-resident dealer, or an agent of non-resident dealer or local branch office of a firm or company or association of persons whether incorporated or not situated outside the State of Kerala;

(d) 'Fund' means, Kerala Handloom Workers' Welfare Fund established under section 3 of the Kerala Handloom Workers' Welfare Fund Act, 1989 (2 of 1989);

(e) 'Government' means the Government of Kerala;

(f) 'prescribed' means prescribed by rules made under this Act;

(g) 'sale proceeds' means the value of buying and selling of yarn, textile or textile products in the State of Kerala, for sale or to process otherwise;

(h) 'textile' means any cloth-woven in handloom or powerloom (including textile mills) or any other looms out of cotton yarn, polyester yarn, silk yarn or any other yarn (blended or otherwise), but does not include khadi products;

(i) 'textile products' means any garment or other articles manufactured by using cloth as basic component;

(j) 'yarn' means cotton yarn, polyester fibre, silk yarn or any other blended fibre which can be used for weaving cloth.

(2) Words and expressions used herein but not defined and defined in the Kerala Handloom Workers' Welfare Fund Act, 1989, shall have the meanings respectively assigned to them in that Act.

3. *Levy and collection of cess.* -(1) There shall be levied and collected a cess for the purpose of the Kerala Handloom Workers' Welfare Fund Act, 1989 at a rate of quarter per cent of the total sale proceeds of a dealer:

Provided that no cess shall be levied under sub-section (1) from a dealer whose sale proceeds for a year is less than Five lakhs rupees.

(2) The cess levied under sub-section (1) shall be collected from every dealer, in such manner and such time as may be prescribed.

(3) The cess levied under sub-section (1) shall be in addition to any cess, duty or tax leviable on yarn, textile or textile products under any other law for the time being in force.

(4) The proceeds of cess collected under sub-section (2) shall be credited initially to the Consolidated Fund of the State of Kerala, in the manner as may be prescribed.

(5) The amount of cess collected shall be paid to the Fund of the Board by the Government after deducting the cost of collection of such cess not exceeding one per cent of the amount collected every year, before 30th June, in such manner as may be prescribed.

4. *Appointment of Assessing Officer.*—The Government may by notification in the Gazette, appoint such officers of the Labour Department, not below the rank of Assistant Labour Officer Grade I or Officers of equal status as the Assessing Officers, for the purposes of this Act and shall fix the local limits of their jurisdiction.

5. *Maintenance of Registers and Records*.—(1) Every dealer shall maintain such registers and records in their commercial establishment in the manner as may be prescribed.

(2) The registers and records shall be produced for verification, on demand by any officer or any authority authorised by this Act.

6. *Furnishing of returns by the dealer*—(1) Every dealer shall furnish return showing the sale proceeds of the previous financial year to the Assessing Officer in such manner and at such time as may be prescribed.

(2) If any dealer liable to pay the cess under section 3 fails to furnish the return under sub-section (1), the Assessing Officer shall give a notice requiring such dealer to furnish such return before such date as may be specified in the notice.

7. *Assessment of cess.*—(1) The Assessing Officer to whom the return has been furnished under section 6 shall, after making or causing to be made such enquiry as he thinks fit and after satisfying himself that the particulars stated in the return are correct, by order, assess the amount of cess payable by the dealer.

(2) If the return has not been furnished to the Assessing Officer under sub-section (2) of Section 6, he shall, after making or causing to be made such enquiry as he thinks fit, by order, assess the amount of cess payable by the dealer.

(3) An order of assessment made under sub-section (1) or sub-section (2) shall specify the amount of cess and the date within which the cess shall be paid by the dealer.

(4) The Officer conducting the enquiry under sub-section (1) or sub-section (2) shall, for the purposes of such enquiry, have the same powers as are vested in a Civil Court while trying a suit under the Code of Civil Procedure, 1908 (Central Act 5 of 1908), in respect of the following matters, namely:—

(a) enforcing the attendance of any person or examining him on oath or affirmation;

(b) requiring the discovery and production of documents;

(c) receiving evidence on affidavits; and

(d) issuing commissions for the examination of witnesses.

(5) Any enquiry under this section shall be deemed to be a judicial proceeding within the meaning of section 193 and section 228 of the Indian Penal Code (Central Act 45 of 1860) and for the purpose of section 196 of the said Code.

8. *Provisional collection of cess.*—(1) Every dealer liable to pay cess under section 3 shall, pay by way of advance cess on or before the 10th of every month an amount equivalent to one-twelfth of the amount payable annually by him according to the latest assessment under section 7.

(2) Where the amount is not paid under sub-section (1) on or before the due date, the Assessing Officer may issue notice to the defaulter showing the amount in arrears and directing to pay the said amount within such period not exceeding seven days of the receipt of the notice.

(3) The amount paid under sub-section (1) by the dealer for a year shall be adjusted against the amount assessed under section 7 for that year.

9. *Interest payable on delay in payment of cess.*—If any dealer fails to pay any amount of cess payable under section 3 within the time specified in the order of assessment, such dealer shall be liable to pay interest on the amount to be paid at the rate of one and a half per cent per month for every month or part of a month comprised in the period from the date on which such payment is due till such amount is actually paid.

10. *Fine for non-payment of cess within the specified time.*—If any amc of cess payable by any dealer under section 3 is not paid within the date specified in the order of assessment under section 7 it shall be deemed to be in arrears and the Assessing Officer may, after making such enquiry as he deems fit, impose on such dealer a fine not exceeding the amount of cess:

Provided that before imposing any such fine, such dealer shall be given a reasonable opportunity of being heard and if after such hearing the Assessing Officer is satisfied that the default was for any good and sufficient reason, no penalty shall be imposed under this section.

11. *Recovery of amount due under this Act.*—Any amount due under this Act (including any interest or penalty) from the dealer may be recovered in the same manner as an arrear of land revenue.

12. *Appeal.*—(1) Any dealer aggrieved by an order of assessment made under section 7 or by an order imposing fine under section 10 may, within such time as may be prescribed prefer an appeal to such appellate authority in such form and in such manner as may be prescribed.

(2) Every appeal preferred under sub-section (1) shall be accompanied by such fees as may be prescribed.

(3) On receipt of the appeal under sub-section (1), the appellate authority shall, after giving the appellant an opportunity of being heard in the matter, dispose of the appeal as expeditiously as possible.

(4) Every order passed in appeal under this section shall be final and shall not be called in question in any court of law.

13. *Power of entry.*—Any Assessing Officer or any other officer specially empowered in this behalf by the Government, may,—

(a) with such assistance, if any, as he thinks fit, enter at any reasonable time, any establishment or place where he considers it necessary to enter for carrying out the purposes of this Act, including verification of the correctness of the particulars furnished by any dealer under section 6;

(b) require the production of any register and any other document relating to the sale of yarn, textile or textile products; and

(c) exercise such other powers as may be prescribed.

14. *Return of collection of cess.*—(1) Every Assessing Officer shall furnish to the Board and such other authority as may be directed, every month a return showing the amount of cess collected by him during the previous month, in such form and within such period as may be prescribed.

(2) The Chief Executive Officer of the Board or the authority specified in sub-section (1) shall furnish to the Government every year a return showing the total amount of cess collected during the previous financial year, within such period and in such form as may be prescribed.

15. *Penalty.*—(1) Any dealer, under an obligation to furnish a return under this Act, furnishes any return knowingly, or having reason to believe, the same to be false shall be punishable with imprisonment which may extent to six months or with fine which may extend to five thousand rupees or with both.

(2) Whoever, being liable to pay cess under this Act, wilfully or intentionally evades or attempts to evade the payment of such cess, shall be punishable with imprisonment which may extend to six months, or fine which may extend to five thousand rupees or with both.

(3) Whoever, contravenes any of the provisions of this Act or the rules made thereunder shall, if no other penalty is elsewhere provided by this Act for such contravention, be punishable with imprisonment for a term which may extend to three months or with fine which may extend to one thousand five hundred rupees or with both.

(4) No court shall take cognizance of an offence punishable under this section, save on a complaint made by or under the authority of the Government.

16. *Offence by companies.*—(1) Where an offence under this Act has been committed by a company, every person who, at the time when the offence was committed, was in charge of and was responsible to the company for the conduct of the business of the company, as well as the company, shall be deemed to be guilty of the offence and shall be liable to be proceeded against and punished accordingly:

Provided that nothing contained in this sub-section shall render any such person liable to any punishment if he proves that the offence was committed without his knowledge or that he had exercised all due diligence to prevent the commission of such offence.

(2) Notwithstanding anything contained in sub-section (1), where an offence under this Act has been committed with the consent or connivance of, or is attributable to any neglect on the part of any director, manager, secretary or other officer of the company, such director, manager, secretary, or other officer shall also be deemed to be guilty of that offence and shall be liable to be proceeded against and punished accordingly.

Explanation:—For the purposes of this section,—

(a) 'company' means any body corporate and includes a firm or other association of individuals; and

(b) 'director' in relation to a firm, means a partner in the firm.

17. *Bar of jurisdiction of Civil Courts.*—No Civil Courts shall have jurisdiction to settle, decide or deal with any question or to determine any matter which is by or under this Act or the rules required to be settled, decided or dealt with or to be determined by the Government or any authority or Officer appointed under this Act.

18. *Power to make rules.*—(1) The Government may by notification in the Gazette, make rules for carrying out the provisions of this Act.

(2) Without prejudice to the generality of the foregoing power, such rules may provide for all or any of the following matters, namely:—

(a) the manner in which and the time within which cess shall be levied and collected under section 3;

(b) particulars of the registers and records to be maintained by a dealer under section 5;

(c) the manner and time within which a return showing the sale proceeds of the previous financial year shall be furnished by a dealer to the Assessing Officer under section 6;

(d) the manner in which an appeal may be filed and the fees to be paid under section 12;

(e) the power which may be exercised by an Assessing Officer or any other officer under clause (c) of section 13;

(f) the form and the period within which return of collection of cess is to be furnished under section 14;

(g) any other matter which has to be or may be prescribed.

(3) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly, while it is in session, for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be, so however, that any such modification or annulment shall be without prejudice to the validity of anything previously done under that rule.

19. *Repeal and saving.*—(1) The Kerala Handloom Workers' Welfare Cess Ordinance, 2007 (7 of 2007) is hereby repealed

(2) Notwithstanding such repeal, anything done or any action taken under the said Ordinance shall be deemed to have been done or taken under this Act.